റോഡിന്റെ വശ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. മേപ്പയ്യൂർ-നെല്യാടി-കൊല്ലം റോഡ്, പേരാമ്പ്ര-പയ്യോളി റോഡ് എന്നിവ എസ്.എച്ച്.ടി.എഫ്.-ൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിക്കുന്നതാണ്.

## ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

363 (1448) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; പ്രവർത്തിയുടെ പേരും ഭരണാനുമതി നൽകിയ തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവർത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായവയുടെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിരത്തുവിഭാഗത്തിൻ കീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു. ഈ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടവിഭാഗത്തിൻ കീഴിലുള്ള വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

## കോഴിക്കോട് - തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി

364 (T 1449) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്ക് തത്വത്തിൽ അനുമതിയും പങ്കാളിത്തവും തേടി സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനു എത്ര കത്തുകൾ അയച്ചിട്ടുണ്ട്; ഇതിനകം അയച്ച കത്തുകളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' ചേർത്തിരിക്കുന്നു ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly